കാർഷികമേഖലയിലെ പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരമുള്ള പ്രതിമാസ പെൻഷൻ

307 [1235] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിൽ പ്രത്യേക തൊഴിൽദാനപദ്ധതിപ്രകാരമുള്ള പ്രതിമാസ പെൻഷൻ അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പെൻഷൻ അനുവദിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ;

(സി) പെൻഷൻ അനുവദിക്കുന്നതു സംബന്ധിച്ച് തീരുമാനം വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) പദ്ധതിപ്രകാരം പ്രതിമാസ പെൻഷൻ അനുവദിക്കുന്നതിനുള്ള കാലാവധി ഇപ്പോൾ ആയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

തൊഴിൽരഹിതരായവർക്ക് കാർഷികമേഖലയിൽ തൊഴിൽ

308 [1236] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനായിരം ഏക്കർ തരിശുഭൂമി ഏറ്റെടുത്ത് തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിലവസരം സൃഷ്ടിക്കാൻ നെൽക്കൃഷി നടത്തുമെന്ന് സർക്കാർ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇതേവരെ എത്ര ഏക്കർ ഭൂമി ഏറ്റെടുത്ത് ഇപ്രകാരം നെൽക്കൃഷി ആരംഭിച്ചെന്നും, എത്ര പേർക്ക് തൊഴിൽ അവസരം സൃഷ്ടിച്ചെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 10000 ഹെക്ടർ തരിശുനിലം നെൽക്കൃഷി പ്രദേശമാക്കി മാറ്റി കൃഷി ചെയ്യുന്നതിന് തൊഴിൽരഹിതരായ യുവാക്കൾക്ക് ഹെക്ടറൊന്നിന് 5,000 രൂപ നിരക്കിൽ ധനസഹായം നൽകുവാനായി 500 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള ഒരു പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആലപ്പുഴ ജില്ലയിലെ അരൂർ കൃഷിഭവന് കീഴിലുള്ള ഇളയപാടം പാടശേഖരത്ത് തൊഴിൽരഹിതരായ 20 യുവാക്കൾക്ക് പ്രസ്തുത പദ്ധതിപ്രകാരം 12 ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതേ ജില്ലയിലെ കുത്തിയതോട് കൃഷിഭവന് കീഴിലുള്ള 8 ഹെക്ടർ പാടശേഖരങ്ങളിൽ 14 യുവാക്കളെ പങ്കെടുപ്പിച്ച് നെൽക്കൃഷി ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ താമരശ്ശേരി പ്രദേശത്ത് പ്രസ്തുത പദ്ധതിയിൻകീഴിൽ 100 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ പ്രസ്തുത പദ്ധതിയിൻകീഴിൽ കൃഷി ചെയ്യുവാൻ താൽപ്പര്യമുള്ള യുവാക്കളിൽനിന്നും അപേക്ഷ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്.

കുട്ടനാട്ടിൽ 'ഒരു നെല്ലും ഒരു മീനും' പദ്ധതി

309 [1237] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:*

,, *കെ. മോഹൻകുമാർ:*

,, *ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ 'ഒരു നെല്ലും ഒരു മീനും' പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പദ്ധതിയെ ഏതെങ്കിലും സംഘടനകൾ എതിർത്തിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം സംഘടനകളാണ് എന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതിയോടുള്ള കർഷകരുടെ പ്രതികരണമെന്താണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 2003-2004 മുതൽ കുട്ടനാട്ടിൽ 'ഒരു നെല്ലും ഒരു മീനും' പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്.

(സി) കേരള സ്റ്റേറ്റ് കർഷകത്തൊഴിലാളി യൂണിയനാണ് എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ളത്.

(ഡി) നെൽക്കൃഷിയുടെ ആവർത്തനചെലവ് കുറയ്ക്കുന്നതിന് ഈ പദ്ധതി സഹായിക്കുന്നതിനാൽ കർഷകർ വളരെയധികം താൽപ്പര്യം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ, ഈ പദ്ധതിയിലൂടെ അവർക്ക് അധിക വരുമാനവും ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly